# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം 5566 — 6.07.2012 -ൽ മറുപടിയ്ക്ക്

### മുക്കം ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

**ചോദ്യം**

**ശ്രീ.സി. മോയിൻകുട്ടി**

(എ)കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വിഭജിച്ച് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ രൂപീകരിക്കാനുള്ള പ്രൊപ്പോസൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ;

(ബി) മുക്കം ആസ്ഥാനമായി ഒരു ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രൂപീകരിക്കുന്ന കാര്യം പ്രൊപ്പോസലിൽ ഉൾപ്പെട്ടിട്ടുണ്ടോ;

(സി) മലയോരപ്രദേശത്തെ ഉദ്യോഗാർത്ഥികൾക്ക് ഏറെ സൗകര്യപ്രദമാകും എന്നത് കണക്കിലെടുത്ത് മുക്കം ആസ്ഥാനമായി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. ഷിബു ബേബി ജോൺ**
(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി

(എ,ബി) & (സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുന്നതോടെ രജിസ്ട്രേഷൻ , പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ഒഴിവുകൾക്കുള്ള ലിസ്റ്റ് നൽകൽ തുടങ്ങിയവ ഓൺലൈനായി ചെയ്യാൻ കഴിയുന്നതാണ്. ഈ സാഹചര്യത്തിൽ പുതുതായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ